LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം എം. പി., എം. എൽ. എ., കമ്പനി ഉദ്യോഗസ്ഥർ, റവന്യൂ ഉദ്യോഗസ്ഥർ, ഭൂഉടമാ പ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്ന യോഗ തീരുമാനപ്രകാരമാണ് ഭൂമി ഏറ്റെടുക്കുന്നത്. ഐ. ആർ. ഇ. നിശ്ചിത സ്ഥലം ഡ്രെഡ്ജിംഗിനുശേഷം ഭൂവുടമയ്ക്ക് തിരിച്ചുനൽകുന്നു. ഭൂമി അക്വയർ ചെയ്യുമ്പോൾ നിശ്ചയിക്കപ്പെടുന്ന വിലയ്ക്കുപുറമെ കെട്ടിടം, വൃക്ഷം, മറ്റ് ചമയങ്ങൾ എന്നിവയുടെ വിലയും കണക്കാക്കി 62 ശതമാനം വരെ കൂടുതൽ തുക നൽകുന്നുണ്ട്. ഐ.ആർ.ഇ. 258 കുടുംബങ്ങൾക്ക് പകരം സ്ഥലം നൽകി പുനരധിവസിപ്പിച്ചിട്ടുണ്ട്. കെ. എം. എം. എൽ. ഡ്രെഡ്ജർ ഉപയോഗിച്ച് ഖനനം നടത്തുന്നില്ല. ബീച്ച് വാഷിംഗ് രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. നെഗോഷിയേറ്റഡ് പർച്ചേസിനു വിധേയമായവർക്ക് ജോലി നൽകാൻ വ്യവസ്ഥയില്ല. ഇരു കമ്പനികളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന കോൺട്രാക്ടറുടെ കീഴിൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങൾക്ക് ജോലി നൽകാറുണ്ട്. ഒപ്പം കമ്പനികളിലെ നിയമനങ്ങളിൽ യോഗ്യരായ കുടിയൊഴുപ്പിക്കപ്പെട്ട കുടുംബങ്ങളിലെ അപേക്ഷകർക്ക് മുൻഗണന നൽകി വരുന്നു. രണ്ടു കമ്പനികളും ജില്ലാകളക്ടർ ചെയർമാനായ മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിന് വർഷംതോറും ശരാശരി 75 ലക്ഷം രൂപ വീതം നൽകി വരുന്നു. ഇതുപയോഗിച്ച് റോഡ് നിർമ്മാണം, ശുദ്ധജലവിതരണം, ഡിസ്പെൻസറി നിർമ്മാണം എന്നിവയ്ക്കുപുറമെ ബോർഡ് തീരുമാനിക്കുന്ന മറ്റു കാര്യങ്ങൾക്കും സാമ്പത്തികസഹായം നൽകാറുണ്ട്. കെ. എം. എം. എൽ. ഈ വർഷം സുനാമി ദുരിതാശ്വാസത്തിനുവേണ്ടി 35 ലക്ഷം രൂപയും സ്ഥലം എം. എൽ. എ. ആവശ്യപ്പെട്ട പ്രകാരം ഗ്രാമജ്യോതി പദ്ധതിക്കുവേണ്ടി 25 ലക്ഷം രൂപയും ചവറ, പന്മന പഞ്ചായത്തുകൾക്ക് അനുവദിച്ചു. ഗ്രാമജ്യോതി പദ്ധതിക്കായി വീണ്ടും 10 ലക്ഷം രൂപ എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം അനുവദിച്ചിട്ടുണ്ട്. ശുദ്ധജലവിതരണത്തിന് 50 കിലോമീറ്റർ ദൂരം പൈപ്പ് ഇട്ടിട്ടുണ്ട്. പന്മന പഞ്ചായത്തിന് 46 ലക്ഷം രൂപ നൽകാൻ കമ്പനി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഖനനം സംബന്ധിച്ച എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ജനപ്രതിനികളുമായി കൂടിയാലോചിച്ച് ഒരു നയം രൂപീകരിക്കാനും ഗവൺമെന്റ് തയ്യാറാണ്.

(9) കാസർഗോഡ് ജില്ലയിലെ മോഡൽ റെസിഡൻഷ്യൽ ഗേൾസ് സ്കൂളിൽ പ്ളസ് ടു ക്ളാസ്സുകൾ ആരംഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, ഉദുമ നിയോജക മണ്ഡലത്തിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹയർസെക്കണ്ടറി അനുവദിച്ചതുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. കഴിഞ്ഞ തവണ കേരളത്തിലെ കുറെ സർക്കാർ സ്കൂളുകളെ ഹയർസെക്കണ്ടറി സ്കൂളുകളാക്കി മാറ്റാനുള്ള തീരുമാനത്തിന്റെ ഭാഗമായാണ് കാസർഗോഡ് ഉദുമ മണ്ഡലത്തിലെ റെസിഡൻഷ്യൽ സ്കൂളിലും ഹയർ സെക്കണ്ടറി അനുവദിച്ചത്. പക്ഷേ ഈ അദ്ധ്യയന വർഷം ഹയർ

LIBRARY ARCHIVES Kerala Legislative Assembly

സെക്കണ്ടറി ആരംഭിക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പ് താല്പര്യപൂർവ്വം മുൻകൈ എടുക്കാത്തതുകൊണ്ട് ആരംഭിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് നൂറു കണക്കിന് വിദ്യാർത്ഥികൾക്ക് സൗജന്യമായി താമസിച്ച് പഠിക്കാനുള്ള അവസരമാണ് നിഷേധിക്കപ്പെട്ടത്. അതിനാൽ ഉദുമ നിയോജകമണ്ഡലത്തിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ അടുത്ത അദ്ധ്യയന വർഷം ഹയർസെക്കണ്ടറി കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* : സർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായുള്ള ഒരു റെസിഡൻഷ്യൽ സ്കൂളാണിത്. അദ്ദേഹം ചൂണ്ടിക്കാണിച്ചപോലെ ഈ സ്കൂളിൽ താമസസൗകര്യം, ഭക്ഷണം എന്നിവ നൽകേണ്ടതുണ്ട്. ഇതിനാവശ്യമായിട്ടുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കുവേണ്ടി ജില്ലാകളക്ടർ ചെയർമാനായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുണ്ട്. ഇക്കാര്യം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പിൽ വയ്ക്കുകയും കമ്മിറ്റി അത് അംഗീകരിച്ച് പട്ടികജാതി ഡയറക്ടർക്ക് അയയ്ക്കുകയും ചെയ്തിരിക്കുകയാണ്. ഈ കൊല്ലം ഫണ്ട് കിട്ടാത്തതുകൊണ്ടാണ് ആരംഭിക്കാൻ കഴിയാതെ വന്നത്. അടുത്ത വർഷം ഈ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(10) എം. ജി. സർവ്വകലാശാലയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവർക്ക് ഉയർന്ന ശമ്പളസ്കെയിൽ നൽകാനുള്ള തീരുമാനം

ശ്രീ. രാജു എബ്രഹാം : സർ, എം. ജി. സർവ്വകലാശാലയിലെ സ്വാശ്രയ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന മൂന്നൂറോളം അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിലിൽ ശമ്പളം കൊടുക്കാൻ ഇപ്പോൾ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുകയാണ്. പണം കൊടുക്കുന്നതിന് ഞങ്ങൾ എതിരല്ല. പക്ഷേ, യോഗ്യത മാനദണ്ഡമാക്കാതെയും സംവരണം പാലിക്കാതെയുമാണ് താൽക്കാലികാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ചിട്ടുള്ളത്. അത് സർവ്വകലാശാലയെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. സർവ്വകലാശാലയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുന്ന തീരുമാനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെയും സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ മാത്രമേ നടപ്പാക്കാവൂ എന്നാണ് യൂണിവേഴ്സിറ്റി ആക്ടിൽ നിഷ്കർഷിക്കുന്നത്. ഇത് ഹൈക്കോടതിയിൽ സത്യവാങ്മൂലം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായി ഈ തീരുമാനം റദ്ദ് ചെയ്യാനുള്ള സമ്മർദ്ദങ്ങൾ ഏത് രൂപത്തിലായാലും ഗവണ്മെന്റ് ഇടപെട്ട് നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.